**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1023** **06-02-2023 - ൽ മറുപടിയ്ക്ക്**

**കണ്ണമ്മൂല-ആക്കുളം ആമയിഴഞ്ചാൻ തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല പാലം മുതൽ ആക്കുളം വരെയുള്ള നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള നവീകരണ പ്രവർത്തന ങ്ങൾക്കായി G.O (Rt) No. 187/2020/WRD തീയതി 27/02/2020 പ്രകാരം 24,99,96,764/- (ഇരുപത്തിനാല് കോടി തൊണ്ണൂറ്റിയൊൻപതു ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി എഴുനൂറ്റിയറുപത്തിനാല് രൂപ മാത്രം) ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന പ്രധാന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ഡ്രൈനേജ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ലഭിക്കുന്നതിനുള്ള തടസ്സം കാരണം വാട്ടർ അതോറിറ്റി പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല .<br><br>തോട്ടിലെ വൃത്തിഹീനമായ അവസ്ഥ കാരണം പ്രവൃത്തി ചെയ്യുന്നതിന് പണിക്കാരെ കിട്ടാതെ വരികയും കോൺട്രാക്ടർക്ക് പല തവണ പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വരികയും ചെയ്തു. കൂടാതെ പ്രവൃത്തിയുടെ ഭാഗമായി ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കേണ്ടിവന്നതും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചു . |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് അനുവദിച്ച കാലാവധിയുടെ വിശദവിവരം അറിയിക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ സ്ഥലം 8 മാസ കാലാവധിയോടുകൂടിയാണ് കോൺട്രാക്ടർക്ക് കൈമാറിയത്. ടി കാലാവധി 18/04/2022- ൽ അവസാനിച്ചിരുന്നു. എന്നാൽ ഈ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത തിനാൽ 15/12/2022 വരെ കാലാവധി നീട്ടി നൽകിയിരുന്നു. നിലവിൽ ടി കാലാവധി 17.04.2023 വരെ നീട്ടുന്നതിനുള്ള കോൺട്രാക്ടറുടെ അപേക്ഷ 31/01/2023 ന് എഗ്രിമെന്റ് അതോറിറ്റിക്കു ലഭ്യമായിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്ത കരാറുകാരനെ ഒഴിവാക്കി സമയബന്ധിതമായി ആയത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) | ആമയിഴഞ്ചാൻ തോടിന്റെ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വാട്ടർ അതോറിട്ടിയുടെ സീവേജ് ലൈൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം പൂർണമായും കരാറുകാരന് കൈമാറാൻ സാധിച്ചിട്ടില്ല. സ്ഥലം കൈയ്യേറ്റം ഒഴിപ്പിച്ചും, ഏറ്റെടുക്കാനുള്ള വസ്തു ഏറ്റെടുത്തും, കരാറുകാരന് കൈമാറുന്ന മുറയ്ക്ക് സമയബന്ധിതമായി കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചില്ലയെന്നുണ്ടെങ്കിൽ കരാറുകാരനെ ഒഴിവാക്കുന്നത് പരിഗണിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | പ്രവൃത്തി | തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | വാട്ടർ അതോറിറ്റി - സ്വീവേജ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തി | Rs.10,78,00,000/- | സ്വീവേജ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഭൂമി വാട്ടർ അതോറിറ്റി, കരാറുകാരന് കൈമാറാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| 2 | കണ്ണമ്മൂല മുതൽ നെല്ലിക്കുഴി വരെയുള്ള തോടിന്റെ പുനർനിർമ്മാണവും മറ്റ് അറ്റകുറ്റപ്പണികളും | Rs.6,57,54,574/- | തോടിലെ സൈഡ് വാൾ നിർമ്മാണവും, ലൈനിങ് പ്രവൃത്തികളും പുരോഗമിച്ചു വരുകയാണ്. 30% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 3. | സിൽറ്റ് പുഷർ | Rs. 3,00,00,000/- | വാങ്ങിയിട്ടുണ്ട്. |
| 4. | ഡിസിൽറ്റേഷൻ പ്രവൃത്തികൾ | Rs. 2,71,06,822/- | പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഏകദ്ദേശം 5000 m3 മണ്ണ് തോടിൽ നിന്ന് മാറ്റിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ